# തണൽ

## ലിറ്റിൽ കൈറ്റ് യൂണിറ്റ് ചെറുതുരുത്തി



## ജി എച്ച് എസ്സ് എസ്സ് ചെറുതുരുത്തി

# 2018-2019

## നൂറിൻെറ നിറവിൽ.........



നൂറിൻെറ നിറവിൽ.....2
അറിവ്.....4
സന്ദേശം.....5
മാതൃഭാഷാ സംരക്ഷണത്തിനുള്ള ആവശ്യകത.....6
*അഭിമാന നിമിഷങ്ങളിലൂടെ*.....8
കവിത.....9
    തോരാത്തൊരീ മഴ .....9
കഥ.....13
    തനിച്ചിരിക്കുന്ന അമ്മ.....13
കുറിപ്പ്.....15
    കുസാറ്റിലൂടെ.....15
ടിൻറുമോൻ.....17
ഓർമകളിൽ.....18
നന്ദി.....19

## അറിവ്

കാലത്തിൻെറ ചട്ടുല ചലനത്തിൽ ഇന്നലെകൾ അന്യമായിപ്പോയ തലമുറയുടെ അറിവുകൾ ആണ് തണലിൽ. അക്ഷരങ്ങളെ ചതുരപ്പെട്ടിയിൽ ഒതുക്കി ശീലിച്ച പുതിയ തലമുറയുടെ സൃഷ്ടികൾക്ക് അറിവിൻെറ വെളിച്ചം പകരാൻ കഴിയുമെന്ന ആത്മവിശ്വാസത്തോടെ.....

എഡിറ്റർ
അബു താഹിർ സി എസ്

## സന്ദേശം

ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും. ഈ മാഗസിൻ ഒരു നല്ല തുടക്കമാകട്ടെ. കുട്ടികൾക്കും അവർക്ക് എപ്പോഴും പ്രചോദനമാകുന്ന അധ്യാപകർക്കും ആശംസകൾ.

ഹെഡ്മാസ്റ്റർ
അബ്ദുൾ മജീദ് എ എ

## *മാതൃഭാഷാ സംരക്ഷണത്തിനുള്ള ആവശ്യകത*

*പ്രിയപ്പെട്ട കൂട്ടുകാരെ ;*

"മാതൃഭാഷയുടെ സംരക്ഷണത്തിൻെറ ആവശ്യകത' എന്താണ്? അല്ലെങ്കിൽ ഇതിനുള്ള ആവശ്യം ഉണ്ടോ എന്നുപോലും നാം മറക്കുന്നു.

നാം പഠിക്കുന്ന സ്കൂളിലും ബാക്കി പൊതു സ്ഥലത്തും സ്ഥാപനത്തിലും പ്രദേശികൾക്കാണ് കൂടുതൽ പ്രാധാന്യം. നമ്മുടെ മക്കൾ ഇംഗ്ലീഷ് മീഡിയം പഠിക്കണം എന്നും മക്കൾ സി.ബി.എസ്.ഇ സ്കൂളിൽതന്നെ പഠിക്കണം എന്നും ശാഠ്യം പിടിക്കുന്ന മാതാപിതാക്കളാണ് സമൂഹത്തിൽ ഇന്ന് അധികവും ഉള്ളത് . പുതിയതലമുറയിലെ കുട്ടികൾ കുമാരനാശൻ,വൈലോപ്പിള്ളി എന്നിവ മലയാള സാഹിത്യത്തിലെനാഴികക്കല്ലുകളായ കവികളേയും, കഥാകൃത്തുകളേയും നമ്മുടെ ഇതിഹാസകൃതികളേയും നാം അറിയാതെ പോകുന്നു.ഇന്നത്തെസമൂഹത്തിൽ ഇതിഹാസകൃതികൾ വായികുന്നവർ എത്രയുണ്ടെന്ന് ചോദിച്ചാൽ വിരലിൽ എണ്ണാവുന്നവർ മാത്രമായിരിക്കും. വിട്ടിൽ വളരുന്ന മുല്ലയും, തുളസിയും, ആടലോടകവും അറിയാതെ പോകുന്നവർനമ്മളിൽ എത്രപേർ.

ജനിച്ചു വീഴുന്ന കുട്ടികൾ പെറ്റമ്മയുടെ നാവിൽനിന്നും ആദ്യം കേൾക്കുന്ന ഭാഷ അതിന്റെ പ്രധാന്യം മനസ്സിലാകേണ്ടത് അത്യാവശ്യം തന്നെയാണ്.അമ്മ എന്ന വാക്കിന് തുല്യമാണ് നമ്മുടെ മാതൃഭാഷയും.

സ്വകാര്യ വ്യക്തികളുടെ സ്കൂളിൽ ഇന്ന് മലയാളം സംസാരിച്ചാൽ പിഴയടയ്ക്കേണ്ടി വരും. അവിടെ മലയാളത്തിനു പകരം ഇംഗ്ലീഷും മറ്റു പ്രാദേശിക ഭാഷകളും കുടിയേറി. മലയാള

ഭാഷയെ പൂർണ്ണമായും തമസ്കരിച്ചു. അവർ തമസ്കരിച്ചത് പെറ്റമ്മയുടെ നാവിൽ നിന്ന് കേട്ടുനളർന്ന അവരുടെ മാത്രഭാഷയാണ് .

പിറന്നു വീണ കുട്ടി ആദ്യം ഉരുവിടുന്നത് 'അമ്മ' എന്ന വാക്കാണ്. നമ്മുടെ പെറ്റമ്മയ്ക്ക് എത്രത്തോളം നാം പ്രാധാന്യം നൽകുന്നുണ്ടോ അത്രത്തോളം പ്രാധാന്യം നാം നമ്മുടെ മാതൃഭാഷക്കും നൽകണം.അത്യാധുനിക സാങ്കേതിക വന്നപ്പോൾ നാം വായിക്കാനും സംസാരിക്കാനും മറന്നു.

നമ്മുടെ ഭാഷയേയും കൃതികളേയും നാം ചവിട്ടി താഴ്ത്തരുത്. മാതൃഭാഷ സംരക്ഷിക്കേണ്ടതും ഉയർത്തേണ്ടതും ഓരോ മലയാളിയുടേയും ഉത്തരവാദിത്വമ ആണ്. മാതൃഭാഷയെ സംരക്ഷിക്കുന്ന ഒരു തലമുറയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.....

# അഭിമാന നിമിഷങ്ങളിലൂടെ......









*കവിത*


# തോരാത്തൊരീ മഴ ....

പെയ്തൊഴിയുന്ന മഴത്തുള്ളികൾ
നോക്കിയിരിക്കവേ
മനസ്സിൻ നൊമ്പരത്തിൽ
ഒരായിരം ഓർമകൾ
പെയ്തിട്ടും പെയ്തിട്ടും
തോരാത്തൊരീ മഴ
ഒരു പെരുമഴയെന്ന പോലെ
ഉള്ളിൽ ആർത്തിരമ്പുന്നു.
കൂടെ കൊടുങ്കാറ്റ്, ഇടിമിന്നലുകളും
കൂടെ കൂടെയെന്നലയുന്ന മോഹവും
ആർദ്രമാം ഹൃദയത്തെ
മുറിവേൽപ്പിക്കുന്ന നോവുകളും
കടലും പുഴയും ഇടവഴിയും
നിറഞ്ഞിടും
അടക്കാത്ത നൊമ്പരങ്ങൾ
വിളിച്ചോതുന്നരീമഴ
മണ്ണിനെ സ്നേഹിക്കാൻ ഉതിരുന്ന
മഴത്തുള്ളികൾ
മണ്ണിൻെറ മാറോട് ചേർന്നുകിടക്കുന്ന
ആകാശവീഥിയിൽ ജനിച്ചും
അരുമയാം മണ്ണിൽ മരിച്ചും
ഒത്തിരി സമയം
ഒത്തിരി ആയുസ്സിൽ

ഒത്തിരി കുളിരേകി
പ്രകൃതിയെ പൂർണ്ണ
മനോഹരമാക്കി മണ്ണിൻ മാറിൽ മരിച്ചിടുന്ന
ജനിച്ചും മരിച്ചും കഴിയുണ
മെന്നറിഞ്ഞിട്ടു പോലും
ജീവജാലങ്ങൾക്കും പ്രകൃതിക്കും
സന്തോഷം ഏകാൻ
മഴത്തുള്ളി വീണ്ടും പുനർജനിക്കുന്ന
പെയ്തൊഴിയാൻ ആഗ്രഹമെന്നതില്ലാതെ
തോരാത്തൊരീ മഴ
കാടും മലയും താണ്ടി.....
കാറ്റിനെ കൂട്ടായി ഒന്നു വിളിച്ച്
കളകളം പാടുന്ന അരുവിയിൽ
ചേർന്നലിയുന്നരീമഴ.....
തോർന്നൊഴിയാത്തൊരീമഴ.
തോരൻ ആഗ്രഹമില്ലാത്തൊരീമഴ.
ജനലഴികളിലൂടെ മഴത്തുള്ളിയെ
തോളൊന്നു ചാരിക്കിടന്നൊന്നു നോക്കുമ്പോൾ
തോരാത്തൊരീ ദു:ഖം താങ്ങി നിൽക്കുമെൻ മനസ്സിൽ
ഇടിയും കൊടുങ്കാറ്റും ഒരുപക്ഷേ എൻറെ
വിഷമങ്ങൾ ആകാം

ദേവിക


SAY NO TO CHILD LABOUR
Small hands can handle a Pen better
Lend your Support to abolish Child labour
STOP child labour
Start to EDUCATION
AVOID CHILD LABOUR
JUNE 12.....
" Don'T Be Wild, Don'T Force Work On A Child ".....


पर्यावरण के लिए पेड़ लगाओं
देश बचाओ, दुनिया बचाओ ।

*കഥ*

# തനിച്ചിരിക്കുന്ന അമ്മ

എൻെറ പ്രിയപ്പെട്ട മകന്, അമ്മ തൻെറ എല്ലാ വേദനകളും ഉൾക്കൊണ്ട് ആ നനഞ്ഞ കടലാസിലെഴുതി. കയ്യക്ഷരം നന്നല്ലെങ്കിലും ആ അമ്മയുടെ വികാരം, വേദന എല്ലാം അതിൽ കാണാമായിരുന്നു. 'തൻെറ പ്രിയപ്പെട്ട മകൻ 'അമ്മ എഴുതി നിർത്തി. അവൻെറ ഓർമ്മകൾ അയവിറുത്തു അതെ അവന് അമ്മയെ വളരെ ഇഷ്ടമായിരുന്നു. കുഞ്ഞിലെ അച്ഛൻ മരിച്ചതിനാൽ അമ്മയെ അവന് വലിയ കാര്യമായിരുന്നു. സ്കൂളിൽ കൊണ്ടുവിടാൻ ,ഭക്ഷണം വിളമ്പിക്കൊടുക്കാൻ ഇടക്കൊക്കെ വാരി കൊടുക്കാനും അവന് അമ്മ തന്നെ വേണമായിരുന്നു .അമ്മ ഓർമയിൽ നിന്നു മാറി വീണ്ടും എഴുതാൻ തുടങ്ങി .എനിക്ക് ഇവിടെ സുഖം തന്നെയാണ് മോനെ.... എന്നെപ്പറ്റി നീ ചിന്തിച്ചു വിഷമിക്കേണ്ട അവൾക്ക് അവിടെ കുഴപ്പമില്ലല്ലോ.....? അമ്മയ്ക്ക് തൻെറ മരുമകളെ വളരെ ഇഷ്ടമായിരുന്നു പക്ഷേ...... വീണ്ടും അമ്മ എഴുതി. ഞാൻ ആയിരുന്നല്ലോ അവൾക്ക് അധികപ്പറ്റ്. നിന്നെയും എൻെറ പേരക്കുട്ടികളെയും കാണാൻ എനിക്ക് കൊതിയാകുന്നു .അവരെക്കൊണ്ട് എന്നാ വരിക. ഞാൻ ഇവിടെ ഒറ്റക്കെല്ലേയുള്ളൂ. അല്ലേൽ വേണ്ട നീ അവിടെ തന്നെ നിന്നോ. അമ്മ സങ്കടത്തോടെ എഴുതി .ആ എഴുത്തിൽ അമ്മയുടെ

സുഖങ്ങളും ദുഃഖങ്ങളും കൂടി ചേർന്നിരുന്നു. കത്ത് ഒരു പെട്ടിയിൽ നിക്ഷേപിച്ചു . പോസ്റ്റ് ബോക്സിൽ ആയിരുന്നു അത്. ഒരുപാട് കത്തുകൾ ബോക്സിൽ ഉണ്ടായിരുന്നു. അമ്മ വീൽചെയറിൽ പോയാണ് ആ കത്ത് ഇട്ടത് . ഒരുപാട് കണ്ണീരും ചോരയും ഉള്ള ഒരുപാട് കത്തുകൾ . അമ്മയ്ക്കറിയാം അത് വെറും കത്തുകൾ മാത്രമാണെന്ന്. എന്നാലും അമ്മയ്ക്ക് ഒരു ആശ്വാസമാണ്. അത് എഴുതി തീരുന്നതുവരെ അമ്മയ്ക്ക് കൂട്ടായി പഴയ പേനയും കുറച്ചു മഷിയും പിന്നെ വെള്ള കടലാസുകളും . ഒടുവിൽ ആ മഷിയും വെള്ള കടലാസുകളും തീർന്നു . അമ്മ വീണ്ടും തനിച്ചായി.......

*കുറിപ്പ്*

# കുസാറ്റിലൂടെ

ചെറുതുരുത്തി ഗവ ഹൈസ്കൂളിൽനിന്ന് 13/11/18 രാവിലെ 7;40 ന്അദ്ധ്യാപകരും വിദ്യാർത്ഥികളും കൂടി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലേക്ക് പഠനയാത്ര പുറപെട്ടു .

ടീച്ചർമാരുടേയും വിദ്യാർത്ഥികളുടേയും സഹകരണം കൊണ്ട് എല്ലാവർക്കും വേഗം ബസ്സിൽക്കയറാനായി .1 0ാംക്ലാസുകാരേയും 9ാംക്ലാസുകാരേയും വെവ്വേറെ ബസ്സുകളിലായിരുന്നു സുഖയാത്രയായിരുന്നു. എല്ലാവരുംകൂടി പാട്ടുപാടിയും ഡാൻസ് കളിച്ചും യാത്ര സമ്പൂർണ്ണമാക്കി .പേകുന്ന വഴിയിൽ ഒരു പാടുകാഴ്ചകൾ കണ്ടു .അതിനിടയിൽ ബസ്സിനെ തട്ടിയ ഒരു വണ്ടിക്കാരനു മായി ഒരു ചെറിയ കശപിശയുണ്ടായിരുന്നു .അതിനു ശേഷം വീണ്ടും യാത്രതുടർന്നു . കുട്ടികൾ എല്ലാവരും നല്ല സന്തോഷത്തിലായിരുന്നു . പോകുന്ന വഴിയിൽ മെട്രോയുംവലിയ വലിയ ബിൽഡിങ്ങുകളും കണ്ടു .ആഡംബരത്തിൽ മുങ്ങിത്താഴുന്ന മലയാളിയുടെ പ്രതീകങ്ങളായി മാളുകളിൽ നിന്ന് ഇറങ്ങിവരുന്നുണ്ടായിരുന്നു. അവസാനം

എത്താറായപ്പോഴേക്കും ഞാനും കൂട്ടുകാരും മൈക്കിൽ പാട്ടുപാടി ശരിക്കും ഒരു ഉല്ലാസ യാത്രയുടെ തുടക്കമായിരുന്നു 10;50 ആയപ്പോൾഞങ്ങൾഅവിടെ എത്തി . കുസാറ്റ് എത്താൻ കുറച്ചു ദൂരം നടന്നു. ആദ്യമായി ഒരു റൂമിലേക്കെത്താനാണ് ടീച്ചർമാർ ആവശ്യപ്പെട്ടത് . അവിടെ എത്തിയപ്പോൾ സി-സിസ് എന്നവിഭാഗത്തിലേക്കാണ് ഞങ്ങൾ വന്നതെന്ന്മനസ്സിലായി. അവിടെ വച്ച് അവിടുത്തെ ടീച്ചർ ഞങ്ങൾക്ക് ഒരു കൊച്ചു പുസ്തകംസമ്മാനിച്ചു.അതിനു ശേഷം മധ്യവയസ്കനായ ഒരാൾ വന്ന് സയൻസിന്റെ പ്രാധാന്യം ഞങ്ങൾക്ക് വിശദീകരിച്ചു. പ്രകൃതിയിൽ നിന്നാണ് സയൻസിന്റെ ഉൽഭവമെന്ന് അദ്ദേഹത്തിന്റ പ്രസംഗത്തിൽ നിന്ന് മനസ്സിലായി.പിന്നെ ഞങ്ങളേ ഓരോ ബാച്ചുകളാക്കി ഓരോ ലാബിലേക്കും അയച്ചു.ഞനും എന്റെ കൂട്ടുകാരും എ ബാച്ചിലായിരുന്നു.അവിടെ ഊഞ്ഞാലും പലതരത്തിലുള്ള കളി ഉപകരണങ്ങളും ഉണ്ടായിരുന്നു.അവയെല്ലാം ശാാസ്ത്രത്തിന്റെ ഓരോ നിയമങ്ങളായിരുന്നു. കളിയിലൂടെ പഠനവും എന്ന ആശയം അപ്പോഴാണ് മനസ്സിലായത്.അവിടെ ഊഞ്ഞാലിൽ ഞാനും എന്റെ കൂട്ടുകാരും കളിച്ചു. പിന്നീട് രണ്ടാമത്തെ പാർക്കിൽ പോയി.അവിടെ ഞങ്ങൾക്കിപ്പോൾ പഠിക്കാനുള്ള ഒരുപട് കാര്യങ്ങൾ ഉണ്ടായിരുന്നു.ഈ പഠന യാത്ര വേറിട്ട അനുഭവമായിരുന്നു.

## *ടിൻറുമോൻ*

(ടിൻറുമോനും കൂട്ടുകാരനും റൂമിൽ പഠിക്കുകയായിരുന്നു അപ്പോൾ പെട്ടെന്ന് കറൻറ് പോയി .)

കൂട്ടുകാരൻ :- കറൻറ് പോയല്ലോ

ടിൻറുമോൻ:- മിണ്ടല്ലേ

കൂട്ടുകാരൻ :- എന്താ കാര്യം

ടിൻറുമോൻ :-കറൻറ് പോയത് ഫാൻ അറിഞ്ഞിട്ടില്ല.ഹി.. ഹി... ഹി...

# ഓർമകളിൽ







## *നന്ദി........*

ഈ-മാഗസിൻ നിർമാണത്തിന് സഹകരിച്ച എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും അദ്ധ്യാപകർക്കും നന്ദി..........

എഡിറ്റർ
അബു താഹിർ സി എസ്